LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) സംസ്ഥാനത്തെ എയ്ഡഡ്/സർക്കാർ ഹോമിയോ കോളേജുകളിൽ അദ്ധ്യാപകരുടെ എണ്ണം നിശ്ചയിക്കുന്നതിന് ഇപ്പോൾ ഏകീകരിച്ച ഒരു സ്റ്റാഫ് പാറ്റേൺ നിലവിലില്ല.

(ബി) ഹോമിയോ ഡിഗ്രി കോളേജുകളിൽ 43 അദ്ധ്യാപകർ വേണമെന്ന് സി.സി.എച്ച് പറയുന്നുണ്ടെങ്കിലും 1990 മുതൽ 2001 വരെ അടഞ്ഞുകിടന്നിരുന്ന ശ്രീ വിദ്യാധിരാജ ഹോമിയോ കോളേജിൽ 1-9-2002 മുതൽ ഡി.പി.എസ് നടപ്പിലാക്കിയപ്പോൾ അവിടെ ബി.എച്ച്.എം.എസ് ഡിഗ്രി കോഴ്സുകൾ ആരംഭിക്കുന്നതിനാവശ്യമായ തസ്തികകൾ എന്ന കണിക്കിനാണ് 31 തസ്തികകൾ അനുവദിച്ചത്. ഇതിലുപരിയായി 2009-10 വർഷത്തിൽ പ്രസ്തുത കോളേജിൽ ബി.എച്ച്.എം.എസ് കോഴ്സിലേയ്ക്ക് അഡ്മിഷൻ നടത്തിയിട്ടില്ല. കൂടാതെ സെൻട്രൽ കൗൺസിൽ ഫോർ ഹോമിയോപ്പതി നിഷ്കർഷിച്ചിട്ടുള്ള സ്റ്റാഫ് പാറ്റേൺ ഗവൺമെന്റ് കോളേജുകളിൽ ഉൾപ്പെടെ സംസ്ഥാനത്ത് നടപ്പിലാക്കിയിട്ടുമില്ല.

(സി) അധികാദ്ധ്യാപകരായി നിലനിർത്തിയിരിക്കുന്നവർക്ക് ടി കോളേജിൽ ട്യൂട്ടർ തസ്തികയിൽ ഒഴിവു വരുന്ന മുറയ്ക്ക് നിയമനം നൽകുന്നതാണ്.

(ഡി) അദ്ധ്യാപകർ നിയമസഭാ സമിതിക്ക് നൽകിയ പരാതിയിൻമേലുള്ള റിപ്പോർട്ട് തിരുവനന്തപുരം ഗവ. ഹോമിയോപ്പതിക് മെഡിക്കൽ കോളേജ് പ്രിൻസിപ്പൽ & കൺട്രോളിംഗ് ഓഫീസറിൽ നിന്നും ലഭിച്ചിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ട് സർക്കാർ പരിശോധിച്ചുകൊണ്ടിരിക്കുകയാണ്.

ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് II

66 (6222) ശ്രീ. എ. എ. ഷുക്കൂർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 31-10-2007-ലെ ഡി. എച്ച്. എസ്.-ന്റെ ഉത്തരവ് പ്രകാരം പ്രഖ്യാപിച്ച കട്ട് ഓഫ് ഡേറ്റ് പ്രകാരം ജെ. എച്ച്. ഐ ഗ്രേഡ് II തസ്തികയിൽ ലാസ്റ്റ് ഗ്രേഡ് പ്രൊമോഷൻ ലിസ്റ്റിൽ നിന്നും എത്ര പേർക്ക് നിയമനം ലഭിച്ചു എന്നു വ്യക്തമാക്കാമോ ; നിലവിലുള്ള ജെ. എച്ച്. ഐ. ഗ്രേഡ് II തസ്തികയിൽ ലാസ്റ്റ് ഗ്രേഡ് പ്രൊമോഷൻ ലിസ്റ്റിൽ നിന്നും നിയമനം നടത്തുന്നതിന് എന്തെങ്കിലും തടസ്സമുണ്ടോ ; ഉണ്ടെങ്കിൽ വിശദീകരിക്കുമോ ;

(ബി) ജി.ഒ.നം : 344/08 തീയതി 8-7-2008-ന് മുൻപ് കോഴ്സ് പാസ്സായ (എച്ച്. ഐ. കോഴ്സ്) ലാസ്റ്റ് ഗ്രേഡ് ജീവനക്കാരെ സീനിയോറിറ്റി ലിസ്റ്റിൽ ഉൾപ്പെടുത്താത്തത് എന്തുകൊണ്ടാണെന്ന് വിശദമാക്കാമോ ; എന്നത്തേയ്ക്ക് ഉൾപ്പെടുത്തുമെന്ന് വ്യക്തമാക്കുമോ ; നിലവിൽ എത്ര വേക്കൻസി ലാസ്റ്റ് ഗ്രേഡ് ജീവനക്കാർക്കായി നീക്കിവെച്ചിട്ടുണ്ട് ; ഉണ്ടെങ്കിൽ നിയമനം നടത്താൻ ഉദ്ദേശമുണ്ടോ ;

(സി) നിലവിൽ ലാസ്റ്റ് ഗ്രേഡ് ജീവനക്കാർക്ക് ജെ.എച്ച്.ഐ. ഗ്രേഡ് II പ്രൊമോഷൻ നൽകുന്നതിന് അനുകൂലമായ കോടതി വിധി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഉണ്ടെങ്കിൽ പ്രൊമോഷൻ നൽകുമോ ;

(ഡി) ഹൈക്കോടതി മുൻപാകെ ഡി. എച്ച്. എസ്. സത്യവാങ്മൂലം സമർപ്പിച്ച രേഖയിൽ ലാസ്റ്റ്ഗ്രേഡ് ജീവനക്കാർക്ക് നഷ്ടപ്പെട്ട ജെ. എച്ച്. ഐ ഗ്രേഡ് II ഒഴിവുകൾ എത്ര ; എന്തുകൊണ്ട് ഈ ഒഴിവുകളിൽ നിയമനം നടത്തുന്നില്ല ?

ഉത്തരം

(എ) 117 പേർക്ക്. തടസ്സമൊന്നും ഇല്ല.

(ബി) 31-10-2007-നു മുൻപ് എച്ച്.ഐ.സി, എസ്.ഐ.സി പാസ്സായി യോഗ്യത നേടിയ ലാസ്റ്റ് ഗ്രേഡ് ജീവനക്കാരുടെ സീനിയോറിറ്റി ലിസ്റ്റാണ് തയ്യാറാക്കിയത്. ആയതിനാലാണ് 8-7-2008-ന് മുൻപ് പാസ്സായ ലാസ്റ്റ് ഗ്രേഡ് ജീവനക്കാരെ ബൈ ട്രാൻസ്ഫർ അപ്പോയിന്റ്മെന്റ് മുഖേന ജെ.എച്ച്.ഐ., ഗ്രേഡ്-2 തസ്തികയിലേയ്ക്കുള്ള സീനിയോറിറ്റി ലിസ്റ്റിൽ ഉൾപ്പെടുത്താത്തത്.

നിലവിലുള്ള സീനിയോറിറ്റി ലിസ്റ്റിൽ നിന്നും എല്ലാവർക്കും നിയമനം നൽകിയതിനുശേഷം 8-7-2008-ന് മുൻപ് കോഴ്സ് പാസ്സായവരുടെ ലിസ്റ്റ് തയ്യാറാക്കും.

നിലവിൽ 24 ലാസ്റ്റ് ഗ്രേഡ് ജീവനക്കാരെ പ്രൊമോട്ട് ചെയ്തിട്ടുണ്ട്. വിവിധ ജില്ലകളിലായി വകുപ്പുതല ജീവനക്കാർക്ക് അവകാശപ്പെട്ട 43 ഒഴിവുകൾ ടി ജീവനക്കാർക്കായി മാറ്റി വച്ചിട്ടുണ്ട്. കൂടാതെ, വിവിധ ജില്ലകളിൽ, ജെ.എച്ച്. ഐ., ഗ്രേഡ്-2 തസ്തികയിൽ ഉണ്ടാകുന്ന ഒഴിവുകൾ 1:3 എന്ന അനുപാതത്തിൽ (1-വകുപ്പുതല ജീവനക്കാർ, 3-പി.എസ്.സി. മുഖേനയുള്ള നിയമനം) വകുപ്പുതല ജീവനക്കാർക്കും പി.എസ്.സി മുഖേനയുള്ള നിയമനത്തിനും നൽകുന്നതാണ്.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. 17-5-2010-ൽ പുറത്തിറങ്ങിയ ജെ.എച്ച്.ഐ., ഗ്രേഡ്-2 തസ്തികയിലെ സീനിയോറിറ്റി ലിസ്റ്റ് പ്രകാരം ലാസ്റ്റ് ഗ്രേഡ് ജീവനക്കാർക്ക് ബൈ ട്രാൻസ്ഫർ അപ്പോയിന്റ്മെന്റ് മുഖേന ജെ.എച്ച്.ഐ., ഗ്രേഡ്-2 തസ്തികയിലേയ്ക്ക് നിയമനം നൽകി വരുന്നു.

(ഡി) 43 ഒഴിവുകൾ. ഈ ഒഴിവുകളിൽ നിയമനം നടന്നുവരുന്നു.

വൃദ്ധരായ മാതാപിതാക്കളെ സംരക്ഷിക്കുന്നത് സംബന്ധിച്ച നിയമം

67 (6224) ശ്രീ. യു. സി. രാമൻ :
ശ്രീ. പി. കെ. അബ്ദുറബ്ബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വൃദ്ധരായ മാതാപിതാക്കളെ സംരക്ഷിക്കുന്നതു സംബന്ധിച്ച നിയമത്തിലെ പ്രധാന വ്യവസ്ഥകളെന്തെല്ലാമാണെന്ന് വിശദമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly